ഫോൺ: 0467 226 0632

# കേരള കാർഷിക സർവ്വകലാശാല

## പ്രാദേശിക കാർഷിക ഗവേഷണകേന്ദ്രം പിലിക്കോട്

### കാസറഗോഡ്-671310

**നം.ബി3-4096/2023** **തീയതി:06.10.2023**

## ദർഘാസ് പരസ്യം

പിലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിലെ ആവശ്യത്തിലേക്കായി വിവിധ മണ്ണുമാന്തി യന്ത്രം (ജെ.സി.ബി) ടിപ്പർ എന്നിവ വാടകയ്ക്ക് നൽകാൻ താത്പര്യമുള്ള വ്യക്തികളിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള മുദ്രവെച്ച ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.

| | |
|---|---|
| ദർഘാസ് പരസ്യ നമ്പർ | **B3-4096/2023** |
| ദർഘാസ് സ്വീകരിക്കുന്നതിനുള്ള അവസാന തീയതി | **18.10.2023, 3.00 മണി** |
| ദർഘാസ് തുറക്കുന്ന തീയതി | **18.10.2023, 3.30 മണി** |
| കാലാവധി | **ഒരു വർഷം** |
| ദർഘാസ് സ്വീകരിക്കുന്ന ഉദ്യോഗസ്ഥന്റെ പേരും മേൽ വിലാസവും | **അസോസിയേറ്റ് ഡയറക്ടർ, പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പിലിക്കോട്** |
| ദർഘാസ് അടക്കം ചെയ്ത കവറിനു പുറത്ത് രേഖപ്പെടുത്തേണ്ടത്. | "മണ്ണുമാന്തി യന്ത്രം, ടിപ്പർ എന്നിവയുള്ള ദർഘാസ്" |
| നിരത ദ്രവ്യം | **1500/- രൂപ** |

- മണ്ണുമാന്തി യന്ത്രം (ജെ.സി.ബി) ഉപയോഗിച്ചുള്ള ജോലികൾ ചെയ്യുന്നതിനുള്ള വാടക മണിക്കൂറിന് എത്രയെന്നും, ടിപ്പറിന് ഒരു ദിവസത്തേക്ക് (8 മണിക്കൂർ) എത്രയെന്നും വെവ്വേറെ രേഖപ്പെടുത്തിയ ദർഘാസ് മേൽ സൂചിപ്പിച്ച വിലാസത്തിൽ അയക്കേണ്ടതോ എത്തിക്കേണ്ടതോ ആണ്.
- വിജയിയായ ദർഘാസുകാരൻ വർക്ക് ഓർഡർ കൈപ്പറ്റി 3 ദിവസത്തിനകം ജോലി ആരംഭിക്കേണ്ടതും, സമയബന്ധിതമായി ഫാമിലെ ഉദ്യോഗസ്ഥർ നിഷ്കർഷിക്കുന്ന ജോലികൾ ഫാമിലെ മറ്റു വസ്തുവകകൾക്കൊന്നും നഷ്ടം സംഭവിക്കാതെ ചെയ്തു തീർക്കേണ്ടതാണ്. മേൽപ്പറഞ്ഞ ജോലികൾ ചെയ്യേണ്ടത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിലും നിർദ്ദേശത്തിലുമായിരിക്കണം.
- ജോലിക്ക് നിയമിക്കപ്പെടുന്ന തൊഴിലാളികളുടെ നിയമപ്രകാരമുള്ള പരിരക്ഷ, അവകാശങ്ങൾ മുതലായ പാലിക്കാനുള്ള ഉത്തരവാദിത്തം പൂർണ്ണമായും കരാറുകാരന്റേതായിരിക്കും. ജോലിക്കിടയിൽ ഉണ്ടാകുന്ന അപകടങ്ങൾക്ക് കരാറുകാരൻ മാത്രമായിരിക്കും ഉത്തരവാദി.
- ദർഘാസ് സ്വീകരിക്കുന്നതിനോ കാരണം കാണിക്കാതെ തള്ളിക്കളയുന്നതിനോ ഉള്ള പൂർണ്ണ അധികാരം അസോസിയേറ്റ് ഡയറക്ടറിൽ നിക്ഷിപ്തമാണ്. സർക്കാർ ദർഘാസിന്റെ പ്രസക്തമായ എല്ലാ നിയമങ്ങളും ഇതിനും ബാധകമാണ്.

-മറുപുറം-

- നിലവിലെ സർക്കാർ വ്യവസ്ഥകൾക്കനുസരിച്ച് ആവശ്യമെങ്കിൽ ആദായ നികുതി ഈടാക്കുന്നതായിരിക്കും.
- ദർഘാസ് ദിവസം ഏതെങ്കിലും കാരണവശാൽ അവധിയാവുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ ഈ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്. ഫോൺ:04672260632.

ഒപ്പ്/-

ഡോ.വനജ.ടി

അസോസിയേറ്റ് ഡയറക്ടർ

പകർപ്പ്:

1. പഞ്ചായത്ത് ഓഫീസ് പിലിക്കോട്/ചെറുവത്തൂർ/ നീലേശ്വരം മുനിസിപ്പാലിറ്റി
2. വെബ്സൈറ്റ്
3. ഫാം ഇൻ-ചാർജ്
4. ഫാം സൂപ്രണ്ട്
5. നോട്ടീസ് ബോർഡ് ഓഫീസ്/ഫാം

// അംഗീകാരത്തോടെ//

സെക്ഷൻ ഓഫീസർ